# ഹൃദ്യം ഈ 'ഹൃദയമുത്തുകൾ'

വി.മൈമൂന മാവൂർ

അഅ്യുനി ജൂദാ വലാ തജ്മുദാ...
അലാ തബ്കിയാനി ലി സഖ്റിന്നദാ...

പ്രശസ്ത അറബി ശോക കവയിത്രി ഖൻസാഅ്, സഹോദരൻ സഖ്റിന്റെ പേർപാടിൽ മനംനൊന്ത് പാടിയതാണ്.

'കണ്ണുകളേ, നിങ്ങൾ ഉദാരമതികളായി കണ്ണീർ പൊഴിക്കുക സഖ്റിന് വേണ്ടി നിങ്ങൾക്ക് കരയാനാകുന്നില്ലേ? ആത്മനൊമ്പരത്തിന്റെ തീവ്രവേദനയും ചുടുനിശ്വാസവും സമ്മിശ്രമായി ബഹിർഗമിക്കുമ്പോൾ ഇത്തരം വേവുന്ന വരികൾക്ക് വീണ്ടും ജീവൻ വെക്കും. ചൂടും ചൂരും വേദനയും വേവലാതിയും അത്മഗതവും ആനന്ദവും പ്രതിഷേധവും പ്രതിരോധവും സ്നേഹവും സഹനവും ഭക്തിയും എല്ലാം ഉൾച്ചേർന്നതാണ് അധ്യാപികയും പണ്ഡിതയുമായ എം.ടി ആയിശയുടെ 'ഹൃദയമുത്തുകൾ' എന്ന കവിതാസമാഹാരം.

ജനനവും ജീവിതവും കാവ്യഭംഗിയാർന്ന ചാലിയാറിന്റെ തീരത്തും പ്രകൃതിസുന്ദരമായ വാഴക്കാട് ഗ്രാമത്തിലുമായതിനാൽ വരികളിൽ തനിമയാർന്ന ഗ്രാമാന്തരീക്ഷത്തിന്റെ ചാരുതയും അഴകും തെളിഞ്ഞു നിൽക്കുന്നു. ജീവിതത്തിലെ തീഷ്ണമായ ആഴങ്ങളിൽ നിന്നും പെറുക്കിയെടുത്ത അക്ഷരങ്ങൾ ഭാവനയെ പിടിച്ചടക്കുകയും അവ ക്രമീകൃതമായി കോർത്തിണക്കപ്പെടുകയും ചെയ്യുമ്പോൾ അവ അനുവാചകന് ഉൾക്കിടിലത്തോടെ ഉൾക്കൊള്ളാനാവുന്ന ഉരുളകളാക്കി മാറ്റിയതാണ് എം.ടി ആയിശയുടെ 'ഹൃദയമുത്തുകൾ'.

കല, സാമൂഹ്യവിപ്ലവത്തിനെന്ന ഉത്തമബോധ്യത്തിന്റെ നിദർശനങ്ങളാണ് കവിതകളിൽ നിറഞ്ഞുനിൽക്കുന്നത്. ആശയസംപുഷ്ടമായ ഹൃദയം, അതിരുകളില്ലാത്ത ഭാവന, അതിസൂക്ഷ്മമായ നിരീക്ഷണം, വിപുലമായ ഭാഷാസമ്പത്ത്, അനുഭവങ്ങളുടെയും അനുഭൂതികളുടെയും തെളിമ ഇവയാണ് സമാഹാരത്തിന്റെ വ്യതിരിക്തത.

'അമ്മ'യെന്ന കവിതയിൽ സ്ത്രീജന്മത്തിന്റെ പവിത്രത വരച്ചിടുന്നുണ്ടെങ്കിലും സ്ത്രീജന്മത്തിന്റെ ദൈന്യതയെയും പുരുഷ മേധാവിത്തത്തിൽ ഞെരിഞ്ഞമർന്ന് ഉരുകിത്തീരുന്ന സ്ത്രീ ജീവിതത്തിന്റെ പച്ചയായ നേരിനെയും ചൂണ്ടി 'പുരുഷാ എൻ അത്മാവിന് വിലയില്ലേ' എന്ന് ചോദിക്കുന്ന ചങ്കൂറ്റമുള്ള കവയിത്രിയാണ് ആയിശ.

'വ്രണിതചിന്ത'യിൽ നിഴലിക്കുന്ന ഈ നൊമ്പരങ്ങൾ 'ഇരകളിലെ' വരികളിലൂടെ പൂർണമാവുകയാണ്. കവയിത്രികളിൽ പോലും സ്ത്രീപക്ഷ രചനകൾ കുറഞ്ഞുകാണുമ്പോൾ ആയിശയുടെ കവിതകൾ സ്ത്രീപീഡനങ്ങളെ വരച്ചു കാട്ടിയത് വേറിട്ട വായനാനുഭവമാണ്.

ബാല്യകാല സ്മരണകൾ അയവിറക്കുന്ന 'കുട്ടിക്കാല'വും ആർക്കും ഭാരമാകാതിരിക്കാനാഗ്രഹിക്കുന്ന 'ഞാനും' 'ജീവിതയാത്ര'യും വായനക്കാരൻ ഓർത്ത് വെക്കാറില്ല.'വൃദ്ധസദനം' മനഃസാക്ഷിയോട് കടുത്ത ഭാഷയിൽ ചോദ്യമുതിർക്കുകയാണ്..

തികഞ്ഞ രാജ്യസ്നേഹവും പാരിസ്ഥിതികാവബോധവും ഭീകര വിരുദ്ധ കാഴ്ചപ്പാടും കവയിത്രിയിൽ ഉമിത്തീയായി നീറുന്ന ചിത്രം 'സ്ഫോടന'നത്തിലും 'കേരള'ത്തിലും ജ്വലിച്ചു നിൽക്കുന്നു. അറബി സാഹിത്യവും വിശുദ്ധ ഖുർആന്റെ സന്ദേശങ്ങളും കവിതയിലൂടനീളം തെളിനീരായി ഒഴുകുന്നു. 'മണ്ണ്', 'അത്താണി', 'കിനാവ്', 'എന്നോട്', 'ദിനങ്ങൾ' എന്നീ കവിതകൾ പ്രപഞ്ചനാഥന്റെ സൃഷ്ടിവൈഭവത്തിന്റെ മഹാത്മ്യത്തിലൂടെ അനുവാചകനെ ഇരുത്തി ചിന്തിപ്പിക്കുകയാണ്.

വേദനയുടെ തീരത്തിരുന്ന് അശ്രുകണങ്ങളിൽ തൂലിക മുക്കി എഴുതിയ കാൽപനിക കവിതകളാണിതെന്ന് അവതാരിക എഴുതിയ ശ്രീ. പി.കെ ഗോപിയുടെയും വരികൾ സാക്ഷ്യപ്പെടുത്തുന്നു.

കൂടപ്പിറപ്പുകളുടെ വേർപാട് ഉണങ്ങാത്ത മുറിവായി അവശേഷിക്കുന്ന ആയിശ, ഖൻസാഅ് അല്ല ഞാൻ എന്നെഴുതി മുൻകൂർ ജാമ്യമെടുക്കുന്നുണ്ട്. 'വിലാപമല്ല' എന്ന കവിതയിൽ 'കയ്ക്കില്ല കാഞ്ഞിരക്കായ് പോലുമിത്രയും' എന്ന് വായിക്കുമ്പോൾ രക്തബന്ധത്തിന്റെ ആഴം നാമറിയാതെ അറിഞ്ഞു പോകുന്നു.

അറബി ഭാഷയിൽ അവഗാഹമുള്ള ഒരു ഏറനാടൻ മുസ്ലിം വനിത ഇത്ര സമ്പന്നമായ പദാവലികളും ബിംബങ്ങളുപയോഗിച്ച് എഴുതുമ്പോൾ കവിതാസമാഹാരത്തിന്റെ മാറ്റ് വർധിക്കുന്നു. ഈ രംഗത്തേക്കുള്ള അവരുടെ ചുവടുവെപ്പ് വായനാലോകം പ്രോത്സാഹിപ്പിക്കുമെന്ന് പ്രതീക്ഷിക്കാം. സ്ത്രൈണതയുടെ നിലാവിൽ ഭക്തിയുടെ മൂടുപടമണിഞ്ഞ് ഇത് സാധിച്ചതിലുള്ള സംതൃപ്തി മുൻമൊഴിയിൽ അവർ സൂചിപ്പിക്കുന്നുമുണ്ട്.

ഒറ്റയിരുപ്പിൽ വായിച്ചു തീർക്കാവുന്നതും വായിച്ചുതീരുമ്പോൾ നമ്മുടെ കൂടി ഹൃദയമുത്തുകളായി മാറുന്നതുമായ 73 കവിതകളടങ്ങിയ "ഹൃദയമുത്തുകൾ" ഹൃദ്യം തന്നെ.




എം.ടി ആയിശ
പ്രസാധകർ: ലിപി പബ്ലിക്കേഷൻ
പേജ്: 96
വില: 65 രൂപ